"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ. കെ. വിധു (നോൺ വൊക്കേഷണൽ ടീച്ചർ, എടമൺ വി.എച്ച്.എസ്.എസ്,കൊല്ലം)- കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ ജില്ലാമിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ(ഐ.എ)വകുപ്പ്

**സ.ഉ.(സാധാ) നം.1309/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 02/07/2020

---

പരാമർശം:- 1 10.05.2013 തീയതിയിലെ 42/2013/ധന. നം. സർക്കുലർ

2 28.11.2013 തീയതിയിലെ സ.ഉ.(പി)നം. 580/2013/ധന.

3 30.01.2019-ലെ സ.ഉ(സാധാ)നം.198/2019/തസ്വഭവ.

4 കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23.04.2020-ലെ 1184/ഇ1/2019/കെ.എസ്.എച്ച്.ഒ നമ്പർ കത്ത്.

ഉത്തരവ്

കൊല്ലം എടമൺ വി.എച്ച്.എസ്.എസ്-ലെ നോൺ വൊക്കേഷണൽ ടീച്ചറായ ശ്രീ.കെ.വിധു-നെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷൻ ഓഫീസിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്ററായി അന്യത്രസേവന വ്യവസ്ഥയിൽ പരാമർശം (3) ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവനം 20/02/2020-ന് അവസാനിച്ച സാഹചര്യത്തിൽ 21/02/2020 തീയതി മുതൽ ഒരു വർഷത്തേക്ക് കൂടി പ്രസ്തുത സേവനം ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (4) -ലെ കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിൽ ജില്ലാമിഷൻ കോ-ഓർഡിനേറ്ററായി സേവനമനുഷ്ഠിക്കുന്ന ശ്രീ. കെ. വിധു - ന്റെ കുടുംബശ്രീ പത്തനംതിട്ട ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് റൂൾസ് ഭാഗം-1 ചട്ടം140(സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1)സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 21/02/2020 മുതൽ 01/06/2020 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഹരികുമാർ എ എസ്**

**അണ്ടർ സെക്രട്ടറി**

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം

ശ്രീ.കെ.വിധു, നോൺ വൊക്കേഷണൽ ടീച്ചർ, എടമൺ, കൊല്ലം (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)

ഡയറക്ടർ, പൊതുവിദ്യാഭ്യാസം, ഹയർസെക്കന്ററി വിംഗ്, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എൽ.ബി.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ